പുനഃക്രമീകരിച്ചുകൊണ്ട് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19-9-2014-ലെ ഇ4-16619/11 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിയമതടസ്സം

273 (3907) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈവശ കർഷകർ പട്ടയ ഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ; മുറിയ്ക്കാൻ പാടില്ലാത്ത മരങ്ങളുടെ പേരു വിവരം വ്യക്തമാക്കാമോ ; ഇത്തരത്തിലുള്ള മരങ്ങൾ മുറിച്ചാൽ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിഭൂമിയുടെ തറവിലയും തടിവിലയും കെട്ടിവച്ച് പട്ടയം നേടിയ കർഷകർക്കും തടി മുറിയ്ക്കാൻ തടസ്സമുണ്ടോ ;

(സി) പട്ടയ ഭൂമിയിൽനിന്നും മരം മുറിച്ച എത്ര കർഷകർക്കെതിരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരിൽനിന്നും എന്തെങ്കിലും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. 1970-ലെ Arable Forest Land Assignment Rules പ്രകാരവും 1993-ലെ Kerala Land Assignment (Regulation of Occupation of Forest Land, Prior to 1-1-1977) Special Rules പ്രകാരവുമുള്ള ഫോം നമ്പർ 6-ലെ പട്ടയ വ്യവസ്ഥ 1 പ്രകാരം പട്ടയം നൽകുമ്പോൾ നിലവിലുള്ള മരങ്ങളും പിന്നീടുവരുന്ന എല്ലാ മരങ്ങളും സർക്കാരിന് അവകാശപ്പെട്ടതാണ്. ആയതിനാൽ ഇപ്രകാരമുള്ള പട്ടാദാർക്ക് സർക്കാരിൽ പണം അടയ്ക്കാതെ ഒരു മരവും മുറിയ്ക്കാൻ അനുവാദമില്ല. തേക്ക്, ഈട്ടി, കരിമരം, ചന്ദനം എന്നീ മരങ്ങൾ വില കൊടുത്താലും പട്ടാദാർക്ക് ലഭിക്കുന്നതല്ല.

(ബി) പട്ടയത്തിൽ സർക്കാരിലേക്ക് റിസർവ് ചെയ്ത മരങ്ങളും, തനിയെ വളർന്നു വരുന്നവയും മുറിയ്ക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(സി) വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly